പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് സമാശ്വാസ പദ്ധതികൾ

28 (*298) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ജില്ലകളിൽ പടർന്നു പിടിച്ച പക്ഷിപ്പനിമൂലം താറാവും കോഴിയും വലിയ തോതിൽ നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ സമാശ്വാസ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) താറാവ് കർഷകരുടെ കാർഷിക ലോണുകൾ എഴുതി തള്ളുന്നതിനും നഷ്ടപ്പെട്ട താറാവുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിമൂലം വ്യാപക നഷ്ടമുണ്ടായ കർഷകർക്ക് പുതുതായി താറാവ് വളർത്തൽ നടത്തുന്നതിന് സൗജന്യമായി താറാവിൽ കുഞ്ഞുങ്ങളെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പക്ഷിപ്പനിമൂലം താറാവും കോഴിയും നഷ്ടപ്പെട്ട കർഷകർക്ക്, 2 മാസത്തിലധികം പ്രായമായ പക്ഷിക്ക് 200 രൂപയും, രണ്ടുമാസത്തിൽ താഴെയുള്ള പക്ഷിക്ക് 100 രൂപയും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ വീതവും നഷ്ടപരിഹാരം നൽകി വരുന്നു.

(ബി) കർഷക പ്രതിനിധികളുമായുള്ള ചർച്ചകൾക്കു ശേഷം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) താറാവ് കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly